പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:337 — 08/02/2016-ൽ മറുപടിക്ക്

## റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകളിലെ സൂപ്പർ ന്യൂമററി നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിൽ നിലവിൽ ട്രെയിനിംഗിന് അയയ്ക്കപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ എത്രയെന്നും ഇവരുടെ ട്രെയിനിംഗ് എന്നു പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ; | (എ) വനം വകുപ്പിൽ നിലവിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പരിശീലത്തിനായി 20 റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത പരിശീലനത്തിനായി തെലുങ്കാന ഫോറസ്റ്റ് അക്കാദമിയിൽ നിയോഗിച്ച 6 പേരുടെ ട്രെയിനിംഗ് 21.04.2015-ന് ആരംഭിച്ചിട്ടുണ്ട്. കൂടാതെ തമിഴ് നാട് ഫോറസ്റ്റ് അക്കാദമിയിൽ നിയോഗിച്ച 13 പേരുടെ ട്രെയിനിംഗ് 23.11.2015 ന് ആരംഭിച്ചിട്ടുണ്ട്. ഫോറസ്റ്റ് റെയിഞ്ചേഴ്സ് ട്രെയിനിംഗും പ്രായോഗിക പരിശീലനവും ഉൾപ്പെടെ ട്രെയിനിംഗ് പൂർത്തിയാക്കുവാൻ 30 മാസത്തെ കാലയളവ് വേണ്ടി വരും. പ്രായോഗിക പരിശീലനം തൃപ്തികരമായി പൂർത്തിയാക്കാത്ത ഒരു റെയിഞ്ച് ഫോറസ്റ്റ് ഓഫീസറേയും ട്രെയിനിംഗിനായി നിയോഗിച്ചിട്ടുണ്ട്. |
| (ബി) ട്രെയിനിംഗിന് അയയ്ക്കപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് പകരം താല്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകി പ്രസ്തുത തസ്തികയിലെ ഒഴിവുകൾ നികത്തിയിട്ടുണ്ടോ എന്നും എങ്കിൽ എത്ര തസ്തികകളിലാണ് പ്രസ്തുത രീതിയിൽ താല്ക്കാലികമായി നിയമനം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് നിയമനം നൽകി ട്രെയിനിംഗിനു നിയോഗിച്ചതുമൂലമുണ്ടായ എല്ലാ ഒഴിവുകളിലും ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി താല്ക്കാലികമായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. |

(സി) ഫോറസ്റ്റ് റെയിഞ്ചുകളിൽ ഇപ്പോൾ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തികകളിൽ ട്രെയിനിംഗിന് അയക്കപ്പെട്ട വരുടെ ഉൾപ്പെടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി.യിൽ നിന്നും നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം നൽകിയതിനു ശേഷമാണ് ട്രെയിനിംഗിന് നിയോഗിക്കുന്നത്. ട്രെയിനിംഗിന് നിയോഗിച്ചിട്ടുള്ളത് മൂലമുണ്ടായ ഒഴിവുകളിൽ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ നിലവിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ 7 ഒഴിവുകൾ ഉണ്ട്.

(ഡി) വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകളിൽ എത്ര സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഡി) റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്

**സെക്ഷൻ ഓഫീസർ**